**<u>നഗര ഗ്രാമാസൂത്രണ വകുപ്പ്</u>**
**<u>ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം</u>**
**<u>ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ.</u>**

-

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - പൂവച്ചൽ ഗ്രാമപഞ്ചായത്ത്, വീരണകാവ് വില്ലേജിൽ - LPG Godown നിർമ്മിക്കുന്നതിന് ലേ ഔട്ടിനും , സ്ഥലത്തിൻറെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവായത് - ഭേദഗതി ചെയ്ത് - ഉത്തരവാകുന്നു.

പരാമർശം 1. പൂവച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.05.2022 ലെ എസ്.സി2-1129/2022 നമ്പർ കത്ത്.

2. ഈ ഓഫീസിലെ 09/06/2022-ലെ TCPTVM/684/2022-D നമ്പർ ഉത്തരവും, 27/2022 നമ്പർ അംഗീകരിച്ച പ്ലാനും.

3 ശ്രീ സജികുമാർ പി.ആർ, ബിന്ദു കെ എന്നിവരുടെ 13.06.2022- ലെ കത്ത്.

**<u>ഉത്തരവ് നമ്പർ :TCPTVM/684/2022-D തീയതി 21/06/2022</u>**

പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ വീരണകാവ് വില്ലേജിൽ റീ-സർവ്വേ നമ്പർ 32/10 ൽ ഉൾപ്പെടുന്ന 24.20 ആർ സ്ഥലത്തു 105.35 sq.m വിസ്തൃതിയിൽ Group I Hazardous Occupancy- ൽ ഉൾപ്പെടുന്ന LPG Godown നിർമിക്കുന്നതിന് പരാമർശം (2) ഉത്തരവ് മുഖേന ലേ ഔട്ട് അംഗീകാരം നല്കിയിരുന്നു . പരാമർശം (3) അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം (2)-ലെ ഉത്തരവിൽ ചുവടെ പറയുന്ന ഭേദഗതികൾ വരുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (2) ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ അതേപടി നിലനിൽക്കുന്നതാണ്.

1. പരാമർശം (3) അപേക്ഷയോടൊപ്പം അപേക്ഷകൻ ഹാജരാക്കിയ 1991/2021 ആം നമ്പർ ആധാരത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത നിർമാണത്തിന് ഈ ഓഫീസിൽ നിന്നു ഇതേ നമ്പറായി നൽകിയിട്ടുള്ള പരാമർശം (2) ഉത്തരവിൽ അപേക്ഷകരിൽ ഒരാളുടെ പേര് സജികുമാർ കെ പി എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് സജികുമാർ പി ആർ എന്ന് തിരുത്തി, അപ്രകാരം പ്രസ്തുത ഉത്തരവ് ഈ ഉത്തരവിനാൽ ഭേദഗതി വരുത്തുന്നു.
2. പരാമർശം (3) അപേക്ഷയിൽ അപേക്ഷകർ സ്ഥലത്തിന്റെ വടക്കു ഭാഗത്തു അംഗീകൃത വഴി ഇല്ലാത്തതാണ് എന്ന പ്രസ്താവനയും , അപേക്ഷകർ ഹാജരാക്കിയിട്ടുള്ള 991/2021 ആം നമ്പർ ആധാരത്തിൽ സ്ഥലത്തിന്റെ വടക്കേ അതിര് രാധാകൃഷ്ണൻ നായരുടെ വസ്തു എന്ന് രേഖപെടുത്തിയിട്ടുള്ളതിനാലും , അംഗീകൃത 27/ 2022 ആം നമ്പർ ലേ ഔട്ട് പ്ലാൻ പ്രകാരം സ്ഥലത്തിന്റെ വടക്കേ അതിർത്തിയിൽ വിഭാവിത വഴി രേഖപെടുത്തിയിട്ടില്ലാത്തതിനാലും പ്രോപോസ്ഡ് LPG ഗോഡൗണിന്റെ 7.5 മി വീതിയിലുള്ള തുറസ്സായ സ്ഥലം മാത്രം രേഖപെടുത്തി യിട്ടുള്ളതിനാലും ഈ ഓഫീസിൽ നിന്നു ഇതേ നമ്പറായി നൽകിയിട്ടുള്ള 09/06/2022 ലെ ലേഔട്ട് അംഗീകാര ഉത്തരവിലും 27/ 2022 നമ്പർ ലേ ഔട്ട് പ്ലാനിലും ആറാം ക്രമനമ്പർ ആയി പരാമർശിക്കുന്ന നിബന്ധന ഈ ഉത്തരവ് പ്രകാരം നീക്കം ചെയ്തു പകരം താഴെ വിവരിക്കുന്ന വ്യവസ്ഥ ഉൾപെടുത്തിയും ഈ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തുന്നു

**<u>നിബന്ധന</u>**

6. 27/2022-ആം നമ്പർ ലേ ഔട്ട് പ്ലാനിനു വിധേയമായി മാത്രമേ നിർമാണ അനുമതി / ക്രമവത്കരണാനുമതി നൽകാവൂ.

**<u>പരാമർശം 2 പ്രകാരം പുറപ്പെടുവിച്ച 09/06/2022 ലെ TCPTVM/684/2022-D നമ്പർ ഉത്തരവ്, 27/ 2022 ആം നമ്പർ ലേ ഔട്ട് പ്ലാൻ എന്നിവ ഇതിനാൽ ഭേദഗതി ചെയ്യുന്നു. പരാമർശം (2) ലെ മറ്റുള്ളവ അതേ പടി നിലനിൽക്കുന്നതാണ്.</u>**

Signature Not Verified
Digitally signed by RAJESH T N
Date: 2022.06.21 16:57:43 IST
Reason: Approved

RAJESH T N
TOWN PLANNER

സ്വീകർത്താവ്
സെക്രട്ടറി
പൂവച്ചൽ ഗ്രാമപഞ്ചായത്ത്

പകർപ്പ്: 1) അപേക്ഷകൻ, (അറിവിലേയ്ക്കായി)
Sri. Sajikumar & Bindu
Saraswathy Villas
Kadukkamkunam P.O.
Malampuzha, Palakkad 678651
2) കരുതൽ ഫയൽ
3) ഫയൽ